# Malayala Manorama

## 19 August 2018

## Thiruvananthapuram, Flood Affected Areas, Temporary Hospital

# താൽക്കാലിക ആശുപത്രി

തിരുവനന്തപുരം • ദുരിതബാധിത പ്രദേശങ്ങളിൽ ഇന്നു മുതൽ താൽക്കാലിക ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിച്ചു തുടങ്ങുമെന്ന് ആരോഗ്യ മന്ത്രിയുടെ ഓഫിസ് അറിയിച്ചു.

പനിയും മറ്റു പകർച്ച വ്യാധികളും തടയാൻ ജില്ലാ മെഡിക്കൽ ഓഫിസർമാരുടെ നേതൃത്വത്തിൽ പ്രത്യേക ക്രമീകരണങ്ങളും ഏർപ്പെടുത്തി. ക്യാംപുകളിൽ വൈദ്യസഹായം നൽകാൻ കൂടുതൽ ഡോക്ടർമാരെയും നഴ്സുമാരെയും ചുമതലപ്പെടുത്തി. ഇതിനു പുറമേയാണു താൽക്കാലിക ആശുപത്രി.